6518
9/6/15

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-ജോയ്സ്റ്റിക് ഓപ്പറേറ്റഡ്, ഹൈ-ടെക് വീൽ ചെയറുകൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി)വകുപ്പ്

സ.ഉ(സാധാ)നം. 341/2015/സാ.നീ.വ        തിരുവനന്തപുരം, തീയതി 5.6.2015

പരാമർശം-1. 16.8.2014 ലെ സ.ഉ(സാധാ)നം.525/14/സാ.നീ.വ നമ്പർ ഉത്തരവ്

2. 19.8.2014 ലെ സ.ഉ(സാധാ)നം.535/14/സാ.നീ.വ നമ്പർ ഉത്തരവ്

3. 10.4.2015 ലെ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 222/എ 5/2015/വി.ക്ഷേ.കോ നമ്പർ കത്ത്.

## ഉത്തരവ്

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ത്രീ വീലർ സ്കൂട്ടർ വിതരണം ചെയ്യുന്നതിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് താഴെ കൊടുത്തിരിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സെലക്ഷൻ കമ്മിറ്റി പരാമർശം 1 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

(1) ശ്രീ.കളത്തിൽ അബ്ദുള്ള, ചെയർമാൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

(2) ശ്രീ.വി.എൻ.ജിതേന്ദ്രൻ.ഐ.എ.എസ്, ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്

(3) പ്രൊഫ.ഡോ.എ.അഹമ്മദ് പിള്ള, സംസ്ഥാന വികലാംഗ കമ്മീഷണർ

(4) ഡോ.കെ.എൻ.റോഷൻ ബിജലി, മാനേജിംഗ് ഡയറക്ടർ, വികലാംഗക്ഷേമ കോർപ്പറേഷൻ

(5) ശ്രീ.സാജു പീറ്റർ, അണ്ടർ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്

(6) ശ്രീ.കൊറ്റാമം വിമൽ കുമാർ, ഡയറക്ടർ ബോർഡ് അംഗം

പരാമർശം 2 പ്രകാരം അംഗപരിമിതർക്ക് ജോയ്സ്റ്റിക് ഓപ്പറേറ്റഡ് വീൽ ചെയർ തുടങ്ങിയ ഹൈടെക് ഉപകരണങ്ങൾ കേരളാ സ്റ്റേറ്റ് സയൻസ് & ടെക്നോളജി മ്യൂസിയവുമായി ചേർന്ന് നിർമ്മിക്കുന്നതിന് കോർപ്പറേഷന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളെ അപേക്ഷകരിൽ നിന്നും കണ്ടെത്തുന്നതിനായി പരാമർശ 1 പ്രകാരം രൂപീകരിക്കപ്പെട്ട അതേ കമ്മിറ്റിയുടെ സേവനം ഉപയോഗപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശ കത്ത് 3 പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം 1 പ്രകാരം രൂപീകരിക്കപ്പെട്ട കമ്മിറ്റിയുടെ സേവനം അംഗപരിമിതർക്ക് ജോയ്സ്റ്റിക് ഓപ്പറേറ്റഡ് വീൽ ചെയർ തുടങ്ങിയ ഹൈടെക് ഉപകരണങ്ങളുടെ ഗുണഭോക്താക്കളെ അപേക്ഷകരിൽ നിന്നും കണ്ടെത്തുന്നതിനായി ഉപയോഗപ്പെടുത്തുന്നതിന് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.എം.ലീലാമണി
അഡീഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം
ചെയർമാൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
സംസ്ഥാന വികലാംഗ കമ്മീഷണർ
ശ്രീ.കൊറ്റാമം വിമൽ കുമാർ, ഡയറക്ടർ ബോർഡ് അംഗം
ശ്രീ.സാജു പീറ്റർ, അണ്ടർ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ